## ചിലമ്പുന്ന നന്ദുണി

ഏഴുസ്വരങ്ങളിലലിയും പ്രണവം;
ഓംകാര പൊരുളാം നാദബ്രഹ്മം;
തേജോമയനാം സത്യസ്നേഹസ്വരൂപം,
സർവ്വവ്യാപകം, സർവ്വശക്തം.

തേടുന്നിവിടെ പുരാവൃത്തസ്മൃതികൾ,
പൈതൃകസംസ്ക്കാരത്തിൻ വേരുകൾ;
മൂല്യങ്ങൾ ഉൾക്കൊള്ളും പരിണാമങ്ങൾ,
ഭാരത സനാതന തത്വങ്ങൾ.

ഭാവാനന്ദയാം സൌഹിതീ ചിത്തയായ്,
നമ്രശിരസ്കയായ് ഗീതങ്ങൾ;
മീട്ടുമൊരു ചിലമ്പുന്ന നന്ദുണി തൻ-
അകക്കണ്ണു തുറന്നിടാൻ കൃപ-
ചൊരിയണേയെൻ വാക്കിലും, രചനയിലും
മാറ്റൊലിക്കൊള്ളണേയീനാദവും.

തെറ്റരുതെൻ ശ്രുതിയും, താളവും, ഭാവവും,
തകർക്കരുതേ എന്റെ തന്ത്രികൾ;
ജ്ഞാനപൂർണ്ണനാം കലാകാരൻ നീയല്ലോ,
സ്വീകരിക്കണേയെൻ നൈവേദ്യവും.

നീ തന്നെയമൃതവും, ഛന്ദസ്സും, യമകവും,
ഉദയവും, കവിയും, കവിതയും;
അവിടുന്നല്ലൊ, ഉഷസ്സും, വെളിച്ചവും,
ജ്യോതിസ്സും, ശ്രേയോമാർഗ്ഗകാരകനും.

സാരംഗി മീട്ടുന്നോരീ കൈക്കുടന്നയിൽ,
നിറക്കേണമാ പുനർജ്ജീവനി;
ചേതനയറ്റയുലകത്തിലാകുലർ,
ആനന്ദ സരസ്സിൽ നീരാടണം.



പുഴയോരത്ത് പൂക്കുന്ന പൂക്കൈതയിൽ,
തേനുണ്ണുവാനെത്തണം മൃണാളം;
രജനിയിൽ പ്രേമ ചകോരം പാടണം,
ഈണത്തിൽ ഗാനങ്ങൾ മനോരഞ്ജം.

വാനിൽ ആതിര ചെരാകു കൊളുത്തുമ്പോൾ,
ദീപം സ്വർണ്ണപൂക്കളായ് തീരുമ്പോൾ;
രാവിൽ വിരിയും സൗഗന്ധികം ധരണിയിൽ
തങ്കനൂപുര ധ്വനി ഉണർത്തണം.

പ്രഹേളികയാകും ജീവിത സാഗരം,
വിമലോദക തീർത്ഥമാകണം;
ഒഴുകേണം അന്തർവാഹിനിയായ്,
തരംഗിണിയായ്, കച്ഛപിയായ്.